# ഭാവിയുടെ സാധ്യത സംയോജിത കൃഷി

## പാടശേഖരങ്ങളിൽ നെല്ലും മീനും; ബണ്ടുകളിൽ പച്ചക്കറി

ആശയക്കൂട്ടത്തിൽ ഉയർന്നതു കുട്ടനാടിനെ നെല്ലറയിൽനിന്നു ഭക്ഷ്യക്കലവറയാക്കി മാറ്റാനുള്ള നിർദേശങ്ങൾ. സംയോജിത കൃഷിരീതികൾക്കു പ്രാധാന്യം നൽകണം. നെൽകൃഷിക്കു പ്രാധാന്യം നഷ്ടമാകാതെ കഴിയുന്നത്ര പാടശേഖരങ്ങളിൽ ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പാക്കുന്നതു കുട്ടനാടിന്റെ ജൈവഘടന വീണ്ടെടുക്കാൻ സഹായകരമാകും.




**പ്രധാന നിർദേശങ്ങൾ:**

- നെല്ലിനു പുറമെ, പാടശേഖരങ്ങളിൽമീൻകൃഷിയും പാടശേഖരബണ്ടുകളിൽ പച്ചക്കറിയുമാകാം. കന്നുകാലികൾ, താറാവ് തുടങ്ങിയവ കൂടി ചേർന്നതാകണം സംയോജിത കൃഷിരീതി. ഇതിലൂടെ കർഷകരുടെ വരുമാനം പലമടങ്ങു കൂട്ടാം. വിളയ്ക്കു പ്രാധാന്യം നൽകുന്നതിനു പകരം കൃഷിയിടത്തിന് ആനുപാതികമായ ആനുകൂല്യങ്ങൾ നൽകി കർഷകരെ സംരക്ഷിക്കണം. കുട്ടനാടിനെ ഇത്തരം കൃഷിരീതിയുടെ മാതൃകയാക്കണം.
- കായലിന്റെ സ്വാഭാവിക ശുദ്ധീകരണത്തിനു മീൻ കൃഷി പ്രയോജനകരമാണ്. ഓരുവെള്ളം കയറ്റാവുന്നവിധം കൃഷിരീതി മാറണം. കക്കയുടെയും കരിമീനിന്റെയും ഉൾപ്പെടെ സ്വാഭാവിക പ്രജനനത്തിന് ഓരുവെള്ളം ആവശ്യമാണ്. കുട്ടനാടിനു യോജിച്ച മീൻ ഇനങ്ങൾ കൃഷി ചെയ്യാൻ മാനദണ്ഡങ്ങളും നിയന്ത്രണങ്ങളും വേണം.
- തെങ്ങും കൈതയും പോലുള്ളവ വളർത്തി പാടശേഖരങ്ങൾക്കു ജൈവ പുറംബണ്ടുകൾ തയാറാക്കണം.
- കുട്ടനാട് പാക്കേജിന്റെ രണ്ടാം ഘട്ടത്തിൽ ജൈവകൃഷിക്കു മുൻഗണന നൽകണം. ഇതിനു മുൻപു മണ്ണിന്റെ പഠനം നടത്തണം. കീടനാശിനി, കളനാശിനി എന്നിവയ്ക്കു ജൈവ ബദൽ കണ്ടെത്തണം.
- കാർഷിക സർവകലാശാലയിൽ പലകാലങ്ങളിലായി നടന്നിട്ടുള്ള ഗവേഷണങ്ങളിൽ പ്രായോഗികമായവ കുട്ടനാട്ടിൽ അവതരിപ്പിക്കണം.

### പ്രളയത്തെ അതിജീവിക്കും നെൽവിത്ത്

പ്രളയത്തെയും ഓരുവെള്ളത്തെയും അതിജീവിക്കാൻ ശേഷിയുള്ള നെൽവിത്തുകളുടെ ഉൽപാദനം കാർഷിക സർവകലാശാലയുടെ വൈറ്റില നെല്ലുഗവേഷണ കേന്ദ്രത്തിൽ പുരോഗമിക്കുകയാണ്. രണ്ടാഴ്ച വരെ വെള്ളപ്പൊക്കത്തെ അതിജീവിച്ചു നിൽക്കാനും വെള്ളം ഇറങ്ങിയശേഷം വീണ്ടും പഴയതുപോലെ വളരാനും ശേഷി നൽകുന്ന ഹബ്-1എ എന്ന ജീൻ ഉമ, ജ്യോതി നെൽവിത്തുകളിൽ ചേർക്കുകയാണു ചെയ്യുന്നത്.

കുട്ടനാടൻ സാഹചര്യങ്ങൾക്കു യോജിച്ച ഇത്തരം പരീക്ഷണങ്ങൾ പൂർത്തിയാക്കി എത്രയും വേഗം കർഷകരിലേക്ക് എത്തിക്കാൻ സർക്കാരിന്റെ ഇടപെടൽ ഉണ്ടാകണം.

# മാറ്റം നിർദേശിച്ച് സ്വാമിനാഥൻ ഫൗണ്ടേഷൻ

## പുതിയ വിളവെടുപ്പു ശൈലിയും കാർഷിക കലണ്ടറും വേണം

കുട്ടനാടിന്റെ സുസ്ഥിര വികസനത്തിന് 'ഒരു നെല്ലും ഒരു മീനും' രീതിയിലുള്ള കൃഷിക്കു മുൻതൂക്കം നൽകണമെന്ന് എം.എസ്.സ്വാമിനാഥൻ റിസർച് ഫൗണ്ടേഷന്റെ ശുപാർശ. മുൻപ് നെല്ലിനു പ്രാധാന്യം നൽകിയാണു കുട്ടനാട് പാക്കേജ് നടപ്പാക്കിയത്.

പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഈ പാക്കേജിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച റിപ്പോർട്ടിലാണു പുതിയ നിർദേശങ്ങൾ നൽകുന്നത്. പ്രകൃതിയുമായി ഇണങ്ങിയുള്ള മൽസ്യകൃഷിക്കാണു പുതിയ റിപ്പോർട്ടിൽ പ്രാധാന്യം. നെല്ലിന്റെയും പച്ചക്കറികളുടെയും സാമൂഹിക വിത്തു ബാങ്കുകൾ തയാറാക്കണം. ഉമ, ജ്യോതി എന്നിവയ്ക്കു പുറമെ കാർഷിക സർവകലാശാല വികസിപ്പിച്ച വിത്തിനങ്ങളിൽ പുഞ്ചക്കൃഷിക്കു പറ്റിയവയ്ക്കു പ്രോത്സാഹനം നൽകണം. കായലിൽ അടിയുന്ന എക്കൽ മണ്ണ് നീക്കം ചെയ്യുകയും കൃഷിക്ക് ഉപയോഗിക്കുകയും വേണം. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ, കുട്ടനാടിന്റെ കൃഷിരീതിയെക്കുറിച്ചു പഠനം നടത്തണമെന്നും ശുപാർശയുണ്ട്.

തണ്ണീർത്തടം, കൃഷി, മത്സ്യബന്ധനം, ജൈവവൈവിധ്യം എന്നിവയുടെ സംരക്ഷണത്തിനു റിപ്പോർട്ടിൽ ഊന്നൽ നൽകുന്നു. പുതിയ വിളവെടുപ്പു ശൈലിയും കാർഷിക കലണ്ടറും വേണം. മണ്ണും വെള്ളവും ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുള്ള നിർദേശങ്ങളും റിപ്പോർട്ടിലുണ്ട്. ഫൗണ്ടേഷന്റെ നേതൃത്വത്തിൽ കുട്ടനാട്ടിൽ ആരംഭിച്ച സാമൂഹിക ജലവിജ്ഞാന സാങ്കേതിക പരിശീലന കേന്ദ്രം വിപുലമാക്കാനും പരിപാടിയുണ്ട്.